**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

15.11.2019 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **5157**

## മുൻ പഞ്ചായത്ത് അംഗങ്ങൾക്കും കൗൺസിലറന്മാർക്കും പെൻഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ :** | | **എ.സി. മൊയ്തീൻ** (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| എ) | മുൻ പഞ്ചായത്ത് അംഗങ്ങൾക്കും കൗൺസിലറന്മാർക്കും പെൻഷൻ നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; | എ) | ഇല്ല |
| ബി) | ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; പെൻഷൻ നൽകുന്ന കാര്യം അടിയന്തരമായി തീരുമാനിക്കുമോ എന്ന് അറിയിക്കുമോ? | ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികളുടെ വിവിധ ആവശ്യങ്ങൾ പഠിക്കുന്നതിനും മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നതിനും വേണ്ടി സർക്കാരിന്റെ 18/05/2017 തീയതിയിലെ സ.ഉ(സാധാ) നം.1621/2017/ ത.സ്വ.ഭ.വ. പ്രകാരം ഉപസമിതി രൂപീകരിച്ച് ഉത്തരവായിരുന്നു. സമിതി ഇതേ വരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. സമിതി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നതിന് ഉപസമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1621/2017/തസ്വഭവ — തിരുവനന്തപുരം, തീയതി, 18.05.2017.

=====================================================================

പരാമർശം:- 06.02.2017-ൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്.

## ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികളുടെ വിവിധ ആവശ്യങ്ങൾ പഠിക്കുന്നതിനും മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നതിനും വേണ്ടി താഴെപറയുന്നവർ അംഗങ്ങളായി ഒരു ഉപസമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ. എം.പി.അജിത്കുമാർ, അഡീഷണൽ ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് (**കൺവീനർ**)

**അംഗങ്ങൾ**

1. ഡോ.മുഹമ്മദ് അഷീൽ, എക്സിക്യൂട്ടീവ് ഡയറക്ടർ, സാമൂഹ്യ സുരക്ഷാ മിഷൻ
2. ശ്രീ. പി.വിശ്വംഭരപ്പണിക്കർ, ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
3. ശ്രീ.വി.വി.രമേശൻ, ചെയർമാൻ, മുനിസിപ്പൽ ചെയർമെൻസ് ചേംബർ.
4. ശ്രീ.കെ.വി.അബ്ദുറഹിമാൻ, പ്രസിഡന്റ്, ആൾ കേരള ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ
5. ശ്രീ.പി.അപ്പുക്കുട്ടൻ, പ്രസിഡന്റ്, കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്, കുരുവട്ടൂർ പി.ഒ., കോഴിക്കോട്
6. ശ്രീ.എൻ.എ.അസീസ്, പ്രസിഡന്റ്, ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് & കൗൺസിലേഴ്സ് ഓഫ് കേരള, സ്റ്റേറ്റ് കമ്മിറ്റി

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.പി.വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം

ഉപസമിതിയിലെ എല്ലാ  അംഗങ്ങൾക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പ്
വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ